# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 44

10/06/2013 ൽ മറുപടിക്ക്

### സർക്കാർ ജീവനക്കാർക്ക് ഐ.എ.എസ് പദവി

ചോദ്യം: ശ്രീമതി. കെ.കെ.ലതിക

ഉത്തരം : ശ്രീ ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഐ.എ.എസ് പദവി കൺഫർ ചെയ്ത് നൽകുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കമോ;

(ബി) ഏതെല്ലാം വകുപ്പുകളിലെ ജീവനക്കാരെയാണ് ഐ.എ.എസ് പദവിയിലേക്ക് ഇത്തരത്തിൽ ഉയർത്തുന്നത് എന്ന് വ്യക്തമാക്കമോ;

(സി) എല്ലാ വിഭാഗത്തിലും പെട്ട സർക്കാർ ജീവനക്കാർക്കും യോഗ്യതയുടെ അടിസ്ഥാനത്തിൽ ഐ.എ.എസ് കൺഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ) യും (ബി) യും (സി) യും

ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് രണ്ട് വിധത്തിലാണ് ഐ.എ.എസ് കൺഫർ ചെയ്യുന്നതിനുള്ള സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിലവിൽ പരിഗണിക്കുന്നത് സെലക്ഷൻ വഴിയും, പ്രൊമോഷൻ വഴിയും.

**<u>പ്രൊമോഷൻ</u>** വഴി ഐ.എ.എസ് ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥൻ സംസ്ഥാന സിവിൽ സർവ്വീസിലെ അംഗമായിരിക്കണം. ഉദ്യോഗസ്ഥന് ഡെപ്യൂട്ടി കളക്ടർ തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർ സേവനം ഉണ്ടായിരിക്കണം. പരിഗണിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ സെലക്ഷൻ വർഷത്തിൽ ജനുവരി 1 ന് 54 വയസ്സ് പൂർത്തിയാകാൻ പാടുള്ളതല്ല. ഐ.എ.എസ് പ്രൊമോഷൻ വഴി നിയമനം നടത്തുന്നതിന് കേന്ദ്ര സർക്കാർ നിജപ്പെടുത്തി നൽകുന്ന ഒഴിവിലേക്ക് ഡെപ്യൂട്ടി കളക്ടർമാരിൽ നിന്നും യോഗ്യരായവരുടെ സാധ്യത പട്ടിക ഒരു ഒഴിവിന് 3 പേരെന്ന ക്രമത്തിൽ റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കുകയും ഈ പട്ടിക സംസ്ഥാന സർക്കാർ യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ച് കൊടുക്കുകയും ചെയ്യുന്നു. തുടർന്ന് കമ്മീഷൻ സെലക്ഷൻ കമ്മറ്റി കൂടി

യോഗ്യരായ ഉദ്യോഗസ്ഥരെ ഐ.എ.എസ് പദവി നൽകുന്നതിനു തെരഞ്ഞെടുക്കുന്നു.

**സെലക്ഷൻ** വഴി ഐ.എ.എസ് ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുന്നതിന് ഉദ്യോഗസ്ഥൻ സംസ്ഥാന സിവിൽ സർവ്വീസിലെ അംഗമാകരുത്. എന്നാൽ സംസ്ഥാന സർക്കാർ കാര്യങ്ങളുമായി ബന്ധപ്പെട്ട സേവനം നൽകുന്ന പ്രഗത്ഭരും കാര്യശേഷിയുള്ളവരുമായ ഗസറ്റഡ് ഉദ്യോഗസ്ഥനായിരിക്കണം. അപേക്ഷകന് ഡെപ്യൂട്ടി കളക്ടറുടെ സമാന തസ്തികയിൽ 8 വർഷത്തിൽ കുറയാത്ത തുടർസേവനം ഉണ്ടായിരിക്കണം. പരിഗണിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ സെലക്ഷൻ വർഷത്തിൽ ജനുവരി 1 ന് 54 വയസ്സ് പൂർത്തിയാകാൻ പാടുള്ളതുമല്ല.

സെലക്ഷൻ വഴി നിയമനം നടത്തുന്നതിന് കേന്ദ്ര സർക്കാർ നിജപ്പെടുത്തി നൽകുന്ന ഒഴിവിലേക്ക് യോഗ്യരായവരുടെ നാമനിർദ്ദേശം വകുപ്പ് സെക്രട്ടറിമാരിൽ നിന്നും ശുപാർശ സഹിതം ആവശ്യപ്പെടുകയും തുടർന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശം അനുസരിച്ച് ഒരു ഒഴിവിന് 5 പേർ എന്ന ക്രമത്തിൽ നിലവിലുള്ള ഒഴിവനുസരിച്ച് ചീഫ് സെക്രട്ടറി ഉദ്യോഗസ്ഥരുടെ സാധ്യത പട്ടിക തയ്യാറാക്കുകയും ഈ പട്ടിക യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. തുടർന്ന് കമ്മീഷൻ സെലക്ഷൻ കമ്മറ്റി കൂടി ഇന്റർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗസ്ഥരെ ഐ.എ.എസ് പദവി നൽകുന്നതിനു തെരഞ്ഞെടുക്കുന്നു.

സെക്ഷൻ ഓഫീസർ